കോട്ടൂർ യു. പി. എസ്-ൽ എൽ. പി. വിഭാഗം തുടങ്ങുന്നതിന് നടപടി

73 [1477] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാട്ടാക്കട വിദ്യാഭ്യാസ ജില്ലയിലെ കോട്ടൂർ യു. പി. എസ്-ൽ എൽ. പി. വിഭാഗം തുടങ്ങുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എൽ. പി. വിഭാഗം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) സ്കൂളുകൾ ആരംഭിക്കുന്നതിനോ അപ്ഗ്രേഡ് ചെയ്യുന്നതിനോ പുതിയ വിഭാഗം തുടങ്ങുന്നതിനോ ഇപ്പോൾ നയപരമായ തീരുമാനമൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

ഹയർസെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ

74 [1478] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ഏതുവർഷം വരെയുള്ള ഒഴിവുകളിലേയ്ക്കാണ് പ്രമോഷൻവഴി നിയമനം നൽകിയിട്ടുള്ളത്;

(ബി) 2004 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് പ്രമോഷൻവഴി നിയമിക്കാവുന്ന എത്ര ഒഴിവുകളാണ് ഓരോ വിഷയത്തിനുമുള്ളതെന്ന് വ്യക്തമാക്കാമോ; എത്ര ജൂനിയർ ലക്ചറർമാരുടെ ഒഴിവുകളുണ്ട്; എത്ര സീനിയർ ലക്ചറർമാരുടെ ഒഴിവുകളുണ്ട്;

(സി) പ്രമോഷൻവഴി നിയമിക്കാവുന്ന ഒഴിവുകളിൽ എപ്പോൾ നിയമനം നൽകാനാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ 14-10-2003 വരെ ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്കാണ് തസ്തികമാറ്റംവഴി നിയമനം നടത്തിയിട്ടുള്ളത്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിലും ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലും ജൂൺ മാസത്തിലാണ് റിട്ടയർമെന്റ് കണക്കാക്കപ്പെടുന്നത്. 30-6-2004-വരെ കണക്കാക്കപ്പെട്ടിട്ടുള്ള ഓരോ വിഷയത്തിലുമുള്ള റിട്ടയർമെന്റ് ഒഴിവുകളുടെ എണ്ണം അനുബന്ധമായി നൽകുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly